# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1217 — 30.09.2011 ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) വൈദ്യനാഥൻ പാക്കേജ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ചതരത്തിലും, സംസ്ഥാന താൽപര്യം സംരക്ഷിച്ചുകൊണ്ടും വൈദ്യനാഥൻ റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള കേന്ദ്ര സർക്കാർ പാക്കേജ് നടപ്പാക്കണമെന്നതാണ് സർക്കാർ നിലപാട്. |
| (ബി) സർവ്വീസ് സഹകരണ സംഘങ്ങളുടെ പേരിനൊപ്പം ബാങ്ക് എന്ന പേര് & ചേർക്കുവാൻ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;<br><br>(സി) ആയത് കേന്ദ്രം അംഗീകരിച്ചുവോ; | (ബി) സമർപ്പിച്ചിട്ടുണ്ട്.<br>(സി) പാക്കേജിന്റെ കാര്യത്തിൽ കേരളത്തിനായി മാത്രം വ്യവസ്ഥകളിലും, മാനദണ്ഡങ്ങളിലും മാറ്റം വരുത്താൻ കഴിയുകയില്ലെന്നും, കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ലെന്നുമാണ് കേന്ദ്ര സർക്കാർ നിലപാട്. |
| (ഡി) കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്ന കാര്യത്തിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; | (ഡി) റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടില്ലെന്നും, ബാങ്ക് എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചുകൂടാ എന്നും എല്ലാത്തരം സഹകരണ ബാങ്കുകളുടെയും പ്രവർത്തനം വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുക, സഹകരണ സ്ഥാപനങ്ങളുടെ ഭരണക്രമത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാന |

സർക്കാർ നിയന്ത്രണം എടുത്തു മാറ്റുക, സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക, എല്ലാത്തരം സഹകരണ സ്ഥാപനങ്ങൾക്കും മൂലധന പര്യാപ്തത ഉൾപ്പെടെയുള്ള പ്രുഡൻഷ്യൽ നോംസ് ബാധകമാക്കുക, ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക തുടങ്ങിയ വ്യവസ്ഥകൾ കേരളത്തിലെ സഹകരണ മേഖലയുടെ നിലവിലുള്ള സ്ഥിതിയ്ക്ക് ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിനു യോജിച്ച തരത്തിലും സംസ്ഥാന താൽപര്യം സംരക്ഷിച്ചു കൊണ്ടും പാക്കേജ് നടപ്പാക്കാൻ അനുവദിക്കണമെന്ന നിർദ്ദേശമാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

(ഇ) അക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് എന്ന് വ്യക്തമാക്കാമോ?

(ഇ) കേരളത്തിനായി മാത്രം വ്യവസ്ഥകളിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്താൻ കഴിയുകയില്ലെന്നും, കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ലെന്നുമാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്.

സെക്ഷൻ ഓഫീസർ